## തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കുള്ള പ്രതിമാസ ഓണറേറിയം സംബന്ധിച്ച്

ജി.ഒ (എം.എസ്സ്) 180/98/തഭവ                                                   തീയതി, തിരുവനന്തപുരം. 31–8–1998

### സംഗ്രഹം

തദ്ദേശ ഭരണവകുപ്പ്–അധികാര വികേന്ദ്രീകരണ സമിതിയുടെ അന്തിമ റിപ്പോർട്ട് –ശുപാർശകൾ–തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പ്രതിമാസ ഓണറേറിയം–നിരക്കുകൾ പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: (1) 12–12–95 ലെ ജി.ഒ.(എം.എസ്)നം.299/95/തഭവ

### ഉത്തരവ്

1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ അധികാര വികേന്ദ്രീകരണ നടപടികൾ ഫലപ്രദമാക്കുന്നതിന്, നിയമിച്ച അധികാര വികേന്ദ്രീകരണ കമ്മിറ്റി, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നൽകുന്ന പ്രതിമാസ ഓണറേറിയം നിരക്കുകൾ 1–8–98 മുതൽ താഴെ പറയും പ്രകാരം വർദ്ധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വേറെ എവിടെയെങ്കിലും ജോലിയുള്ളവർക്ക് സിറ്റിംഗ് ഫീസിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

| | ഗ്രാമപഞ്ചായത്ത് (രൂപ) | ബ്ലോക്കു പഞ്ചായത്ത് (രൂപ) | ജില്ലാ പഞ്ചായത്ത് (രൂപ) | മുനിസിപ്പൽ കൗൺസിൽ (രൂപ) | മുനിസിപ്പൽ കോർപ്പറേഷൻ (രൂപ) |
|---|---|---|---|---|---|
| പ്രസിഡന്റ്/ ചെയർപേഴ്സൻ | 3,500 | 4,000 | 4,500 | 4,000 | 4,500 |
| വൈസ്പ്രസിഡന്റ്/ ഡെപ്യൂട്ടി ചെയർ പേഴ്സൺ. | 2,500 | 3,000 | 3,500 | 3,000 | 3,500 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. | 1,500 | 1,750 | 2,000 | 1,750 | 2,000 |
| മെമ്പർ/കൗൺസിലർ | 1,000 | 1,250 | *1,750 | 1,250 | 1,500 |

മുകളിലെ ഉത്തരവിനനുസൃതമായി 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് , കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

*3–10–98–ലെ (എം.എസ്.) 199/98/തഭവ. നമ്പർ ഉത്തരവ് അനുസരിച്ച് 1750 രൂപയായി തിരുത്തിയിട്ടുണ്ട്.